**കേരള കാർഷിക സർവ്വകലാശാല**
**കശുമാങ്ങ ഗവേഷണ കേന്ദ്രം,മാടക്കത്തറ**
**<u>ക്വട്ടേഷൻ നോട്ടീസ്</u>**

**സി.ആർ.എം(അക്കൗ) 1992/2025** **തിയ്യതി - 12/08/2025**

കേരള കാർഷിക സർവ്വകലാശാല മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ ഓഫീസ് ആവശ്യത്തിന് കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൽ ഏജൻസികൾ/വാഹന ഉടമകളിൽ നിന്നും 1500 CC താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1. ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് **"1500 CC താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ"**
2. ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയ്യതി സമയം : 25/08/2025, 3.00 പി.എം
3. ക്വട്ടേഷൻ തുറക്കുന്ന തിയ്യതി, സമയം : 25/08/2025, 3.30 പിഎം
4. ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം : അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ, തൃശ്ശൂർ 680651
5. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ നല്ല പരിചയ സമ്പന്നനായിരിക്കണം
6. വാഹന ഉടമകൾ വാഹനത്തിന്റെ എല്ലാ ഡോക്യുമെന്റിന്റെയും ഫോട്ടോ കോപ്പി അറ്റസ്റ്റ് ചെയ്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. ക്വട്ടേഷണർ ആധാർകാർഡ്, പാൻകാർഡ് എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. ആവശ്യപ്പെടുമ്പോഴെല്ലാം അവധി ദിവസങ്ങൾ ഉൾപ്പെടെ വാഹനം ലഭ്യമാക്കേണ്ടതാണ്.
9. ഏതെങ്കിലും കാരണവശാൽ സ്ഥിരവാഹനത്തിന് ഓടാൻ തടസ്സമുണ്ടെങ്കിൽ അംഗീകൃത നിരക്കിലും വ്യവസ്ഥയിലും പകരം വാഹനം ലഭ്യമാക്കേണ്ടതാണ്
10. വാഹനങ്ങൾ പുറപ്പെടുന്നതും യാത്ര അവസാനിപ്പിക്കുന്നതും ഈ കേന്ദ്രത്തിൽ നിന്നുമാണ്
11. തെരഞ്ഞെടുക്കപ്പെടുന്ന ട്രാവൽ ഏജൻസികൾ/വാഹന ഉടമകൾ ഈ കേന്ദ്രവുമായി 200/- രൂപ മുദ്ര പത്രത്തിൽ കരാർ ഒപ്പിടേണ്ടതാണ്
12. വാഹനം നൽകുന്നതിൽ രണ്ട് തവണയിൽ കൂടുതൽ വീഴ്ചവരുത്തുകയോ, ബില്ലിൽ കൃത്രിമം കാണിക്കുകയോ, ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽപെട്ടാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതാണ്.
13. ഏതെങ്കിലും ദിവസങ്ങളിൽ (അവധി ദിനങ്ങൾ ഉൾപ്പെടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം ഈ കേന്ദ്രം വാടകയ്ക്ക് എടുത്താൽ അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
14. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ നൽകുന്നതാണ്.
15. വാഹനങ്ങളുടെ വാടകയിൽ നിന്നും നിയമാനുസൃത കിഴിവുകൾ ഈടാക്കുന്നതാണ്
16. ഈ കേന്ദ്രത്തിൽ നിന്നും നൽകുന്ന ലോഗ് ബുക്ക് ഓരോ ട്രിപ്പിന്റെയും തുടക്കത്തിലും അവസാനത്തിലും പൂരിപ്പിക്കേണ്ടതും വാഹനം ഉപയോഗിച്ച ഓഫീസറുടെ ഒപ്പ് വാങ്ങേണ്ടതുമാണ്.
17. ഓരോ ഇനം വാഹനത്തിനും കിലോമീറ്ററിനുള്ള തുക പ്രത്യേകം കാണിക്കേണ്ടതാണ്.
18. ലോക്കൽ ഓട്ടങ്ങൾക്കായി പ്രതിദിനം വാഹനത്തിന്റെ നിരക്കും, അനുവദനീയമായ ദൂരവും മണിക്കൂറും അതിനുശേഷം വരുന്ന ഓരോ അധിക കിലോമീറ്ററിനുള്ള നിരക്കും ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.

19. ഈ ഓഫീസിൽ നിന്നും ലഭിക്കുന്ന supply order/work order അടിസ്ഥാനത്തിലായിരിക്കും വാഹനം ഓടേണ്ടത്

20. ഈ കരാർ തുടരാനും റദ്ദാക്കാനുള്ള അധികാരം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും

21. കരാറുകാരന് വാഹനം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു മാസത്തെ നോട്ടീസിൽ കരാർ അവസാനിപ്പിക്കാവുന്നതാണ്.

22. കരാർ ഉറപ്പിക്കുന്ന വ്യക്തി 5000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവക്കേണ്ടതാണ്. ആയതു കരാർ കാലാവധിയ്ക്കു ശേഷം തിരികെ നൽകുന്നതാണ്. കരാർ വ്യവസ്ഥയിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ പ്രസ്തുത സംഖ്യ കണ്ടുകെട്ടുന്നതാണ്.

23. ക്വട്ടേഷനോടൊപ്പം 500/- രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്.

24. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ നമ്പർ, തിയ്യതി എന്നിവ രേഖപ്പെടുത്തി അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ, തൃശ്ശൂർ 680 651 എന്ന വിലാസ ത്തിൽ 25/08/2025 ന് 3.00 മണിക്കു മുൻപായി കിട്ടത്തക്കവിധത്തിൽ നേരിട്ടോ, തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് അപ്പോൾ ഹാജരുള്ള കരാറുകാ രുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീക രിക്കുന്നതല്ല

25. ക്വട്ടേഷൻ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഗവേഷണകേന്ദ്രം മേധാവി

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P O., Thrissur-680 651

പകർപ്പ്-

1. കെ എ യു വെബ്സൈറ്റ്
2. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
3. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
4. നോട്ടീസ് ബോർഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ
5. കാർഷിക കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
6. ഫാം ഓഫീസ്, സി ആർ എസ്, മാടക്കത്തറ

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY